# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2754** **10.03.2017-ൽ മറുപടിയ്ക്ക്**

### ഐ.ഇ.ഡി.സ്കോളർഷിപ്പ്

**ചോദ്യം** **ഉത്തരം**

ശ്രീ. എം.വിൻസെൻറ് | പ്രൊഫ : സി.രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) ഹയർ സെക്കന്ററി വിഭാഗത്തിൽ പഠിക്കുന്ന വികലാംഗരായ കുട്ടികൾക്ക് വർഷംതോറും നൽകി വരുന്ന ഐ.ഇ.ഡി.സ്കോളർഷിപ്പ് കഴിഞ്ഞ സർക്കാർ 2014-15 അധ്യയന വർഷം വരെ 3500/- രൂപ വീതം കൃത്യമായി നൽകിയിരുന്നുവെങ്കിലും 1/2017-ൽ1800/- രൂപ വീതം മാത്രമേ വിതരണം നടത്തിയിട്ടുള്ളു എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ബാക്കിയുള്ള തുക എപ്പോൾ വിതരണം ചെയ്യുമെന്നും ആയതിലേക്ക് എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ? | എ) കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം വികലാംഗരായ കുട്ടികൾക്ക് സ്കോളർഷിപ്പിനത്തിൽ ഒരു കുട്ടിക്ക് 3000/- രൂപയാണ് മുൻപ് അനുവദിച്ചത്. കുട്ടികളുടെ വൈകല്യത്തിന്റെ കാഠിന്യത്തിന്റെ വ്യത്യാസമനുസരിച്ച് ടി തുകയിൽ നേരിയ വ്യത്യാസം വരുന്നതാണ്. എം.എച്ച്.ആർ.ഡിയിൽ നിന്നും തുക ലഭിക്കാൻ താമസം നേരിട്ടതിനാൽ 2016-17 വർഷത്തിൽ അലവൻസുകളൊന്നും ഇതുവരെ നൽകിയിട്ടില്ല. ലഭ്യമായ ഫണ്ട് ഉപയോഗിച്ച് സാമ്പത്തികവർഷം തീരുന്നതിനുമുൻപ് പരമാവധി അലവൻസുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ